'ഭരണഭാഷ-മാതൃഭാഷ'

കേരള സർക്കാർ

സംഗ്രഹം

ധനകാര്യ വകുപ്പ് - ബജറ്റ് വിഹിതം 2025-26- കരവാരം ഗ്രാമ പഞ്ചായത്ത് - 2023-24 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ Project No.35/2023-2024 ലൈഫ് പദ്ധതിയുടെ ഗുണഭോക്താവിന് നൽകുന്നതിനായി വികസന ഫണ്ട് -പൊതു വിഭാഗത്തിൽ നിന്നും അനുവദിച്ചതും ട്രാൻസ്ഫർ ക്രെഡിറ്റാകാതെ സർക്കാരിലേക്ക് തിരികെ പോയതുമായ തുക പുനരനുവദിച്ച് ഉത്തരവാകുന്നു.

---

ധനകാര്യ (എസ്.എഫ്.സി.സെൽ-എ) വകുപ്പ്

സ.ഉ.(സാധാ)നം.3482/2025/ധന തിയതി,തിരുവനന്തപുരം, 08-04-2025

---

പരാമർശം : 1. കരവാരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 06/02/2025 ലെ എസ് സി1-1160/2024 നം. കത്ത്.

2. 25/03/2024 തീയതിയിലെ ആറ്റിങ്ങൽ സബ്ട്രഷറി ഓഫീസറുടെ സാക്ഷ്യപത്രം.

3. സ.ഉ. (പി) നം. 86/2016/ധന തീയതി: 17.06.2016.

ഉത്തരവ്

2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ Project No.35/2023-2024 ലൈഫ് പദ്ധതിയുടെ ഗുണഭോക്താവിന് (ശ്രീമതി. സുശീല) നൽകുന്നതിനായി വികസന ഫണ്ട് പൊതുവിഭാഗത്തിൽ നിന്നും അനുവദിച്ചതും അക്കൗണ്ട് നമ്പറിലെ പിശക് കാരണം ക്രെഡിറ്റാകാതെ സർക്കാരിലേക്ക് തിരികെ പോയതുമായ 40,000/- രൂപ പുനരനുവദിക്കാനായി പരാമർശം (1) പ്രകാരം കരവാരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സർക്കാരിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, 2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ Project No.35/2023-2024 ലൈഫ് പദ്ധതിക്കായി വികസന ഫണ്ട് (പൊതു വിഭാഗം) ശീർഷകത്തിൽ നിന്നും ഗുണഭോക്താവിന് (ശ്രീമതി.സുശീല) നൽകുന്നതിനായി സൂചന (2) ലെ ആറ്റിങ്ങൽ സബ്ട്രഷറി ഓഫീസറുടെ

കത്തിന്റെയും, സൂചന (3) ലെ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ നടപ്പ് സാമ്പത്തിക വർഷത്തെ വികസന ഫണ്ടിന്റെ 3604-00-200-81-(05)-35 (പൊതു വിഭാഗം) ശീർഷകത്തിൽ നിന്നും കരവാരം ഗ്രാമപഞ്ചായത്തിന് (G010203) ₹40,000/-രൂപ (നാൽപതിനായിരം രൂപ മാത്രം) പുനരനുവദിച്ച് ഉത്തരവാകുന്നു.

3. മേൽ തുക പിൻവലിച്ച് ശ്രീമതി. സുശീലയുടെ അക്കൗണ്ടിലേയ്ക്ക് ഒരു മാസത്തിനുള്ളിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിന് കരവാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സുരേഷ് കുമാർ ഒ.ബി.**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

---

സ്വീകർത്താക്കൾ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-I), കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II), കേരളം, തിരുവനന്തപുരം

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

സെക്രട്ടറി, കരവാരം ഗ്രാമപഞ്ചായത്ത് , തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം

തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്

നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)

ധനകാര്യ (ബി.ഡബ്ല്യൂ-ജെ / ഡെവലപ്.വിംഗ്/ എസ്.എസ് ) വകുപ്പ്

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഇ- 3057093)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ